# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

ആശാൻ മെമ്മോറിയൽ എ.എൽ.പി.എസ് വട്ടിണി

## ആമുഖം

2025-26 അധ്യയനവർഷത്തിൽ ആശാൻ മെമ്മോറിയൽ എ.എൽ.പി സ്കൂളിൽ നടത്താൻ പദ്ധതിയിടുന്ന അക്കാദമിക പ്രവർത്തനങ്ങളെ കോർത്തിണക്കി തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ ആണ് ഇത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കികൊണ്ട് അക്കാദമിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു.
2025-26 അധ്യയനവർഷത്തേക്ക് ലോവർ പ്രൈമറി തലത്തിലെ അക്കാദമിക പ്രവർത്തനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്ന സമഗ്രമായ ഒരു രൂപരേഖയാണ് ഈ മാസ്റ്റർപ്ലാൻ. ഓരോ കുട്ടികളുടെയും പഠനശേഷികളെ പരിപോഷിപ്പിക്കുകയും അവരെ സന്തോഷത്തോടെ സ്കൂളിലേക്ക് ആകർഷിക്കുകയും ചെയ്യുന്ന ഒരു പഠനാന്തരീക്ഷം ഒരുക്കുക എന്നതാണ് ഇതിന്റെ പ്രധാനലക്ഷ്യം. അറിവ് നിർമാണത്തിനും സാമൂഹികവൈകാരികവികാസത്തിനും ഊന്നൽ നൽകി ഓരോ കുട്ടിയെയും ഭാവിയിലേക്ക് സജ്ജരാക്കാൻ ഈ പ്ലാൻ സഹായിക്കും.

# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല : തളിപ്പറമ്പ
2. സ്കൂൾ കോഡ് - 13415
3. സ്കൂളിന്റെ പേര് - ആശാൻ മെമ്മോറിയൽ എ.എൽ.പി
4. പിൻ കോഡ് - 670706
5. ഇ.മെയിൽ - asanalps82@gmail.com
6. ഗ്രാമപഞ്ചായത്ത് - ഉളിക്കൽ
7. വിദ്യാഭ്യാസ ജില്ല - കണ്ണൂർ
8. ഉപജില്ല - ഇരിക്കൂർ
9. ക്ലാസുകൾ - 1 മുതൽ 4 വരെ
10. മാനേജ്മെന്റ് - എയ്ഡഡ്
11. പഠനമാധ്യമം - മലയാളം

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഇംഗ്ലീഷ് ഭാഷാ വികസനം.
3. വായനാശേഷി വർദ്ധിപ്പിക്കൽ
4. ലൈബ്രറി ശാക്തീകരണം
5. ഔഷധ സസ്യത്തോട്ടം - ഒരുക്കൽ
6. പഠനയാത്രകൾ
7. സ്കൂൾ പത്രം - മാസിക
8. പരിസ്ഥിതി ക്ലബ്
9. കലാകായിക പരിപോഷണം
10. പ്രവൃത്തിപരിചയ പരിശീലനം
11. പച്ചക്കറിത്തോട്ടം
12. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
13. ഗണിതശാസ്ത്രം
14. ഐ. ടി. പഠനം - കാര്യക്ഷമമാക്കൽ
15. ക്ലാസ്. പി.ടി. എ കാര്യക്ഷമമാക്കൽ
16. വിലയിരുത്തൽ കാര്യക്ഷമമാക്കൽ.
17. സ്വഭാവ രൂപീകരണം.

അക്കാദമികം
നേട്ടങ്ങൾ

വായന, എഴുത്ത്, പ്രതികരണശേഷി, ആശയവിനിമയശേഷി എന്നിവയിൽ മുൻവർഷങ്ങളിൽ വലിയ രീതിയിലുള്ള നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പൊതുവിജ്ഞാനം വർധിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ മുൻവർഷങ്ങളിൽ നടത്തിയതുമൂലം കുട്ടികൾക്ക് പൊതുവിജ്ഞാനത്തിൽ വലിയ നേട്ടങ്ങൾ ഉണ്ടായി.

പരിമിതികൾ

ക്ലാസ്മുറികൾ എല്ലാം ഹൈടെക് നിലവാരത്തിലേക്കുയർന്നില്ല എന്നത് പരിമിതിയാണ്. കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് പലപ്രവർത്തനങ്ങളിലും വേണ്ടത്ര പങ്കാളിത്തം ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. രക്ഷകർത്താസമിതിയിലുള്ള പങ്കാളിത്തക്കുറവ് സ്കൂളിന്റെ ഭൗതികാന്തരീക്ഷത്തെ ബാധിക്കുന്നു.

# പ്രവർത്തനം - വിശദാംശങ്ങൾ

മേഖല - മലയാളം

പ്രവർത്തനം : ഭാഷാശേഷിവികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1) അക്ഷരം ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3) പദ നിർമാണം<br>4) വാക്യനിർമാണം | 2 മാസം<br>വർഷകാലം. | മലയാളം ടീച്ചർ | P.T.A |
| 2) എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. | 1) ക്ലാസ് ലൈബ്രറി<br>2) പത്രവായന<br>3) റീഡിംഗ്സ്<br>4 വായനാമത്സരം | ആഴ്ച്ച<br>ദിവസം<br><br>ആഴ്ച്ച | ക്ലാസ് ടീച്ചർ<br>SRG<br><br>മലയാളം ടീച്ചർ | |

മേഖല: ഇംഗ്ലീഷ് ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും സംസാരിക്കാനും | 1) ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് കൈകാര്യം ചെയ്യൽ | എല്ലാ ക്ലാസും | ബന്ധപ്പെട്ട ടീച്ചർ | |

| | | | | |
|---|---|---|---|---|
| എഴുത്തുകാരുടെ ശേഷി വികസനം | 2) ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർ-ത്തനം കാര്യക്ഷമമാക്കൽ | ആഴ്ച്ചയിൽ ഒന്ന് | ക്ലാസ് ടീച്ച-ർ | |
| | 3) ഇംഗ്ലീഷ് അസംബ്ലി ആഴ്ച്ചയിൽ | ആഴ്ച്ചയി-ൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |

മേഖല : വായനാശേഷി വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 1. പത്രവായന പരിപോഷിപ്പിക്കുക.<br>2 Aw | പത്രവായന എല്ലാ ദിവസവും ഓരോ ക്ലാസിലെ-ക്ക് ഓരോ പത്രം | 3 വാസം<br>ദിവസേന | വിദ്യാരംഗം ചാർജ്ജ് | P. T.A. |
| | പത്രവായന അനുഭവം രാവിലെ പറയൽ | ആഴ്ച്ചയിൽ ഒന്ന്. | മലയാളം അധ്യാപക | |
| 2. സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്ക് വയ്ക്കൽ | ആഴ്ച്ചയിൽ ഒന്ന്. | ക്ലാസ് ടീച്ചർ | |
| | പുസ്തകവായന ക്വിസ് | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ. | |

## ഉപമേഖല : ലൈബ്രറി ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ദിവസേന ലൈബ്രറി വായന<br>2. വായനാനുഭവം പങ്ക് വെയ്ക്കൽ | ദിവസവും കുറച്ച് പേജെങ്കിലും വായന.<br>ആഴ്ച്ചയിൽ ലൈബ്രറി വിതരണം<br>വായനാനുഭവം പങ്ക് വെയ്ക്കൽ | ദിവസവും<br>ആഴ്ച്ച ലൈബ്രറി ടീച്ചർ വിതരണം<br>രണ്ട് ആഴ്ച്ച -യിൽ ഒരിക്കൽ | ക്ലാസ്ടീച്ചർ<br>ലൈബ്രറി ടീച്ചർ<br>ലൈബ്രറി ടീച്ചർ. | |

## ഉപമേഖല : ഔഷധ സസ്യത്തോട്ടം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഔഷധ തോട്ടം നിർമിക്കൽ<br>2. [illegible] | ഔഷധത്തോട്ടത്തിലേക്കുള്ള സസ്യങ്ങൾ കൊണ്ടു വരൽ<br>2) നട്ടുപിടിപ്പിക്കൽ | 2 മാസം.<br>2 മാസം | ബന്ധപ്പെട്ട ടീച്ചർ<br>ബന്ധപ്പെട്ട ടീച്ചർ. | |
| 2. വിവിധ സസ്യങ്ങൾ, ഔഷധ സസ്യങ്ങൾ, ഉപയോഗം തിരിച്ചറിയൽ | തോട്ടത്തിലുള്ള സസ്യങ്ങളെ പരിചയപ്പെടുത്തും, ഉപയോഗവും തിരിച്ചറിയാനും | മാസത്തിൽ. | ബന്ധപ്പെട്ട ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനയാത്രകൾ നടത്തുന്നു. | പഠനയാത്രകൾ നടത്തുന്നു. കുട്ടികൾക്ക് ആഹ്ലാദകരവും മാനസികസന്തോഷം നൽകുന്നതുമായ സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നു. a) കാഴ്ചകളും അതിലുപരി ചിന്താശേഷികളും നൈപുണികളും വളർത്തുന്നതിനുതകുന്ന യാത്രകൾ നടത്തുന്നു. | വർഷത്തിൽ ഒന്ന് | സ്കൂൾ H.M | P.T.A/ Staff |
| കലാകായിക പരിപോഷണം | | | | |
| കുട്ടികളുടെ കായികശേഷി വർധിപ്പിച്ച് മികവിലെത്തിക്കൽ. | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലയിൽ പരിശീലനം നൽകുന്നു. | ആഴ്ചയിൽ ഒരിക്കൽ വർഷകാലം | കായിക അധ്യാപിക. | |

## മേഖല പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | പാഠഭാഗങ്ങൾക്കനുയോജ്യമായുള്ള നിർമ്മാണങ്ങൾ പ്രവൃത്തിപരിചയ ക്ലാസുകൾ തുടങ്ങിയവയിലൂടെ താൽപ്പര്യം വളർത്താനും കൂടുതൽ മികവ് നൽകാനും. | ആഴ്ചയിൽ | ക്ലാസ് ടീച്ചർ<br>~~Model teacher~~<br>SRG | ടീച്ചർ<br>P.T.A |
| | പാഠഭാഗ കഥാപാത്ര നിർമ്മാണം പരിക്ഷണ വസ്തുക്കൾ നിർമ്മാണം കരകൗശല വസ്തുക്കൾ നിർമ്മാണം | തുടരെ. | Class teacher. | |

## ഉപമേഖല - ദിനാചരണങ്ങൾ,

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷി വികസനം, ദിനങ്ങളുടെ പ്രാധാന്യം പൊതുവിജ്ഞാനം | 1) ജൂൺ മുതൽ മാർച്ച് വരെയു-ള്ള ദിന പ്രാധാന്യങ്ങ-നങ്ങളുടെ ആചരണം | ക്ലാസ് ടീച്ചർ H·M | | സ്കൂൾ സ്റ്റാഫ് മേനേജ് മെന്റ് |
| | 2) ക്വിസ്, വര് .അനുബന്ധ മത്സരങ്ങൾ സംഘടിപ്പിക്കൽ | ക്ലാസ് ടീച്ചർ | | |

## ഉപമേഖല - ക്ലാസ്. പി. ടി. എ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPT·A ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ് പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പു വരുത്തലും | CPT·A യോഗം കാര്യക്ഷമമായി നടത്താൻ, കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനതെളിവുകൾ എന്നിവ പോലെ പഠനോത്സവം തുടങ്ങിയവയുടെ അവതരണം CPT·A യിൽ. | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG, ക്ലാസ് ടീച്ചർ | - |

മേഖല – സ്വഭാവ രൂപീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| സ്വഭാവ രൂപീകരണം. സാമൂഹ്യ പ്രതിബദ്ധതയുള്ള വരാകാൻ, | 1) കുട്ടികളിലെ നല്ല സ്വഭാവത്തെ അഭിനന്ദിക്കുകയും മാർക്ക് നൽകുകയും ചെയ്യുന്നു. 2) അച്ചടയിൽ ഉയർന്നും നല്ല വ്യക്തിത്വം പ്രവർത്തനം പഠനേതര വിഷയം, അച്ചടക്കം, എന്നീ കാര്യങ്ങൾ വിലയിരുത്തി "Star of the month" എന്ന പദവി നൽകി സമ്മാനം നൽകുന്നു. | SRG<br>ക്ലാസ് ടീച്ചർ. | 1 വർഷത്തിൽ എല്ലാ മാസവും | P.T.A<br>school mangament |

## ഉപസംഹാരം.

ഞാൻ മെമ്മോറിയൽ എ. എൽ പി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സമഗ്ര വികാസമാണ് ലക്ഷ്യമാകുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.